സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: പ്രാരംഭനേപഷണം നടത്തിയതെന്നാണ്?

ശ്രീ. സി. കേശവൻ: ഫെബ്രുവരി-ൽ.

സാഹിബ് ബഹദൂർ കെ. എ മഹമ്മദ്: അനേപഷണം നടത്തി റിപ്പോർട്ടയച്ചതാരാണ്?

ശ്രീ. സി. കേശവൻ: അതിനു് യോഗ്യതയുള്ളവരായിരിക്കണമല്ലോ?

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: സർ, ഒരു ടണലിൽ ജലവിതരണത്തിനു് ഒരു കോടി ഫ്രാങ്ക് രൂപയുടെ ചെലവു് വേണ്ടിവരുമെന്നു് തോന്നാത്തതുകൊണ്ടാണു് ഞാൻ ചോദിക്കുന്നതു്.

Mr. Speaker: The answer was already given.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: കൊല്ലം ടണലിൽ നല്ല വെള്ളം കിട്ടുന്നില്ലെന്ന വിവരം അറിയാമോ?

ശ്രീ. സി. കേശവൻ: ചില സ്ഥലത്തു് കിട്ടുന്നില്ലെന്നറിയാം.

ശ്രീ. വി. ശംഭാധരൻ നായർ: വേനൽക്കാലത്തു് കിണറുകളെല്ലാം വറ്റിപ്പോകുന്നതായിട്ടറിയാമോ?

ശ്രീ. സി. കേശവൻ: ചില കിണറുകൾ വറ്റിപ്പോകുമായിരിക്കാം.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: കൊല്ലം ടണലിൽ വാട്ടർ സപ്ലൈ തുടങ്ങാൻ ആലോചനയുണ്ടോ?

ശ്രീ. സി. കേശവൻ: അതു് ആലോചിക്കേണ്ട ഒരു വിഷയമാണു്.

ശ്രീമതി ദേവകീഗോപിദാസു്: കോട്ടയം മുതലായ പ്രധാനപ്പെട്ട പട്ടണങ്ങളിൽ എങ്കിലും വാട്ടർസപ്ലൈയുടെ ആവശ്യമുണ്ടെന്നറിയാമോ?

ശ്രീ. സി. കേശവൻ: എല്ലാവരും നല്ല വെള്ളം കുടിക്കണമെന്നു് ഗവണ്മെൻറിനു് ആഗ്രഹം ഉണ്ടു്.

കൊല്ലം–എറണാകുളം റയിൽവെ

*ഫ്രഫ. (ഫ്രം) സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) കൊല്ലം–എറണാകുളം റെയിൽവെ സംബന്ധിച്ചു പ്രാരംഭ സർവ്വെ പൂർത്തിയായിട്ടുണ്ടോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിൽക്കൂടിയാണു് ലൈൻ പോകുന്നതെന്നു് പ്രസ്താവിക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ-യും, ബി-യും) സർവ്വെ പൂർത്തിയായിട്ടില്ല. അതിനുശേഷംമാത്രമേ ഏതെല്ലാം ലൈനിൽക്കൂടി പോകുന്നതെന്നു് പ്രസ്താവിക്കാൻ നിവൃത്തിയുള്ളൂ.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസ്സീസു്: ഏതെല്ലാം സ്ഥലങ്ങളിൽ സർവ്വെ നടത്തി?

ശ്രീ. സി. കേശവൻ: ഇൻഡ്യാഗവണ്മെൻറാണു് സർവ്വെ നടത്തിയതു്. ഏതെല്ലാം സ്ഥലങ്ങളിൽ നടത്തിയെന്നു് ഈ ഗവണ്മെൻറിനു് അറിവില്ല.

ശ്രീ. മാന്നാർ ഗോപാലൻ നായർ: സർവ്വെ നടത്തുന്നതിനു് ഈ ഗവണ്മെൻറിന്റെ സഹായം ആവശ്യമല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കേശവൻ: ഇൻഡ്യാഗവണ്മെൻറിന്റെ സ്റ്റാഫാണ് സർവ്വെ നടത്തിയത്. അവക്ക് താമസസൗകര്യങ്ങളും മറ്റും ഉണ്ടാക്കിക്കൊടുക്കുക മാത്രമേ ഈ ഗവണ്മെൻറ് ചെയ്ത കൊടുത്തുള്ളൂ. അല്ലാതെ സർവ്വെ കാര്യത്തിൽ ഗവണ്മെൻറിന് കാര്യമില്ല.

ശ്രീ. ഈപ്പൻ അറക്കൽ: സ്റ്റാഫിൽ ഈ രാജ്യത്തിലെ ഉദ്യോഗസ്ഥന്മാർ ആരെങ്കിലും ഉണ്ടായിരുന്നോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. ഇ. പി. പൗലോസ്: ഏതു ഭാഗത്താണ് സർവ്വെ നടത്തിയത്?

ശ്രീ. സി. കേശവൻ: അറിവില്ല.

ശ്രീ. ഇ. പി. പൗലോസ്: ഇന്ന ലൈനിൽകൂടി പോകണമെന്ന് വല്ല നിർദ്ദേശവും ഈ ഗവണ്മെൻറ് കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഈ ഗവണ്മെൻറിനു് ആ വിഷയത്തിൽ ഒരഭിപ്രായമില്ല.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: ഈ മാതിരി വിഷയങ്ങളിൽ ഈ ഗവണ്മെൻറിന്റെ അഭിപ്രായം ചോദിക്കാറുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇതിനുമുമ്പ് എപ്പോഴെങ്കിലും സർവ്വെ നടന്നിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ റിപ്പോർട്ട് ഇപ്പോൾ ഗവണ്മെൻറിന്റെ കയ്യിലുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ വിവരം ഇൻഡ്യാ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ട്.

ചിന്നക്കട പഴയ റോഡ്

*ക്ഷ ക്ഷ ര ഠ. (ക്ഷ ര) സാഹിബ് ബഹദൂർ മഹമ്മദ് മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലം ടൗണിൽ ചിന്നക്കട പഴയറോഡ് തുറക്കുന്നതിനു പൊതുജനങ്ങൾ ഗവണ്മെൻറിൽ പണം കെട്ടിവച്ചിട്ട് എത്ര കൊല്ലമായി;

(ബി) റോഡ് തുറക്കുന്നകാര്യം ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഗവണ്മെൻറിനു പണം കിട്ടിയിട്ടില്ല. ക്ഷ ക ഠ-ൽ മുനിസിപ്പാലിറ്റിയിൽ നി, ഠ ഠ ഠ രൂപാ കെട്ടിവച്ചിട്ടുണ്ട്.

(ബി) ക്ഷ ഭ,ന്ന ര ള രൂപയുടെ എസ്റ്റിമേറ് അനുവദിച്ചിട്ടുണ്ട്. ക്ഷ ന,ന്യ വ്യ രൂപയുടെ ജോലി തെൻ ഇൻഡ്യാ റെയിൽവേ നടത്തണം. അതു് കമ്പനിയെ ഏല്പിച്ചിട്ടുണ്ട്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഇതു് ആരു് ഏല്പിച്ചു?

ശ്രീ. സി. കേശവൻ: പി. ഡബ്ലിയു. ഡി. ആണ് കമ്പനിയെ ഏല്പിച്ചതു്. അതു് മുനിസിപ്പാലിറ്റിയിൽനിന്നും പണം വാങ്ങിച്ചായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly